*കേരള സർക്കാർ മുഖ്യമന്ത്രിയുടെ ഓഫീസ്*

വാർത്താകുറിപ്പ്
തീയതി: 02-11-2019
------------------------------

*പ്രവാസി മലയാളികൾക്ക് ആശ്വാസമായി നിയമ സഹായസെൽ പ്രവർത്തനം തുടങ്ങി*

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സഹായ പദ്ധതിയ്ക്ക് തുടക്കമായി. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ജി.സി.സി രാജ്യങ്ങളിൽ നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. കുവൈറ്റ്, ഒമാൻ എന്നീ രാജ്യങ്ങളിലാണ് പദ്ധതി നിലവിൽ വന്നത്. മറ്റ് രാജ്യങ്ങളിലും ഈ പദ്ധതി ഉടൻ നിലവിൽ വരും.

ജോലി സംബന്ധമായി വിദേശ മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് ഇതുവഴി നിയമ സഹായം ലഭിക്കും. കേസുകൾ ഫയൽ ചെയ്യാനുള്ള നിയമ സഹായം ലഭ്യമാക്കുക, നഷ്ടപരിഹാര/ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്ക്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടനുഭവിക്കുന്ന മലയാളികൾക്ക് നിയമവ്യവഹാരത്തിനുള്ള സഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കേരളത്തിൽ നിന്നും മധ്യകിഴക്കൻ രാജ്യങ്ങളിലേക്ക് കുടിയേറുന്ന തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നമാണ് അന്യനാട്ടിലുണ്ടാകുന്ന കോടതി വ്യവഹാരങ്ങളും മറ്റ് നിയമ കുരുക്കുകളും. ഒരുവിധ നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ തൊഴിലാളികൾ ജയിലുകളിലാവുകയും കടുത്ത ശിക്ഷകൾ അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇന്ത്യൻ പാസ്പോർട്ടും സാധുവായ തൊഴിൽ വിസയോ സന്ദർശക വിസയോ ഉള്ള മലയാളികൾക്കോ അല്ലെങ്കിൽ തടവിലാക്കപ്പെടുകയോ ബുദ്ധിമുട്ടനുഭവിക്കുകയോ ചെയ്യുന്ന ആളിന്റെ ബന്ധുക്കൾ/സുഹൃത്തുക്കൾ എന്നിവർക്കോ സഹായം തേടാൻ കഴിയും.

പ്രവാസി നിയമ സഹായത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695014 എന്ന വിലാസത്തിലോ, ceo@norkaroots.net, ceonorkaroots@gmail.com എന്ന ഇ-മെയിലിലോ സമർപ്പിക്കണം. അപേക്ഷാഫോറം അടുത്ത പേജിൽ. വിശദവിവരങ്ങൾ ടോൾഫ്രീ നമ്പരായ 1800 425 3939 (ഇന്ത്യയിൽനിന്നും), 00918802012345 (വിദേശത്തുനിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും.

NORKA ROOTS
A Government of Kerala Undertaking

അനുബന്ധം-1

## പ്രവാസി നിയമസഹായ സെൽ
## അപേക്ഷാ ഫാറം

| | | | |
|---|---|---|---|
| 1 | നിയമ സഹായം ആവശ്യമുള്ള പ്രവാസി യുടെ പേര് | | |
| 2 | മേൽവിലാസം (വിദേശം), ഫോൺ നമ്പർ | | |
| 3 | പ്രവാസിയുടെ വയസ്സ്/ ജനന തീയതി | | |
| 4 | കേരളത്തിലെ വിലാസം (ജില്ല, പഞ്ചാ യത്ത്, പിൻകോഡ് നമ്പർ ഉൾപ്പെടെ) നാട്ടിൽ ബന്ധപ്പെടേ ഫോൺ നമ്പർ | | |
| | | ജില്ല | |
| | | പഞ്ചായത്ത് | |
| | | പിൻകോഡ് | |
| 5 | പ്രവാസിയുടെ കുടുംബത്തിന്റെ വാർഷിക വരുമാനം | | |
| 6 | പാസ്പോർട്ട് നമ്പർ | | |
| 7 | വിസയുടെ/റസിഡന്റ് പെർമിറ്റിന്റെ വിശ ദാംശങ്ങൾ | നമ്പർ | |
| | | കാലാവധി | |
| | | സ്പോൺസ റുടെ വിശദാംശ ങ്ങൾ | |

| | | |
|---|---|---|
| 8. | വിദേശത്ത് തൊഴിൽ ചെയ്ത സ്ഥാപനത്തിന്റെ പേരും വിലാസവും ( സ്ഥാപനവുമായി ബന്ധപ്പെടാനുള്ള ഫോൺ നമ്പർ ഉൾപ്പെടെ) | |
| 9. | ആരോപിക്കപ്പെട്ട കേസിന്റെ സ്വഭാവം / ഇപ്പോഴത്തെ അവസ്ഥ | |
| 10 | തടവിലാക്കപ്പെട്ടുവെങ്കിൽ ജയിലിന്റെ വിശദാംശങ്ങൾ/കേസ് നമ്പർ | |
| 11 | നാട്ടിലോ/ വിദേശത്തോ മുൻപ് ശിക്ഷാക്കപ്പെട്ടിട്ടുങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ | |
| 12 | പ്രവാസിക്കു വേി പദ്ധതി ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തിന്റെ പേര്, വിലാസം | |
| 13 | അപേക്ഷ സമർപ്പിച്ചിട്ടുള്ളത് കുടുംബാംഗം/ ബന്ധുക്കൾ എങ്കിൽ ബന്ധം (ആവശ്യമായ രേഖ ഉള്ളടക്കം ചെയ്യുക) | |
| 14 | കൂടുതൽ വിവരങ്ങൾ ( ഉങ്കിൽ ) | |

സത്യപ്രസ്താവന

മേൽ പറഞ്ഞ വസ്തുതകൾ പൂർണ്ണവും സത്യസന്ധവുമാണെന്നും ഇതിന് മുൻപ് ഇത്തരത്തിൽ ഒരു സഹായവും ലഭിച്ചിട്ടില്ലെന്നും ഈ അപേയുടെ മേൽ നോർക്ക റൂട്ട്സ് എടുക്കുന്ന എല്ലാ തീരുമാനങ്ങളും അംഗീകരിക്കുന്നതാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

( അപേക്ഷകന്റെ പേരും ഒപ്പും)

തീയതി:
സ്ഥലം:

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേ രേഖകൾ

- പാസ്പ്പോർട്ടിന്റെ പകർപ്പ്
- വിസാ പകർപ്പ്
- മറ്റ് അവശ്യ രേഖകൾ

അനുബന്ധം- 2

# പ്രവാസി നിയമ സഹായസെൽ
# (PLAC)

1. പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായ പദ്ധതി. പ്രസ്തുത പദ്ധതിയിൻ കീഴിൽ ജി.സി.സി രാജ്യങ്ങളിൽ നോർക്ക ലീഗൽ കൺസൾട്ടന്റ്മാരെ ഗൾഫ് രാജ്യങ്ങളിൽ നിയമിച്ചു. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് നിയമസഹായം നല്കുന്നതിനുള്ള പദ്ധതിയാണിത്.

2. ലക്ഷ്യങ്ങൾ

അഞ്ജത മൂലം അന്യ നാട്ടിലുാകുന്ന കോടതി വ്യവഹാരങ്ങളും മറ്റ് നിയമ കുരുക്കുകളിലും യാതൊരു വിധ നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ തൊഴിലാളികൾ ജയിലുകളിൽ എത്തിപ്പെടുകയും കടുത്ത ശിക്ഷകൾ ഏറ്റുവാങ്ങേി വരികയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ട്. നിയമസഹായം ലഭിക്കാതെ നിസാര കേസുകളിൽ അകപ്പെട്ട് മിക്കപ്പോഴും പ്രവാസി മലയാളികൽ ജയിലുകളിൽ കഴിയുന്നു്. ഇതിന്റെ ഭാഗമായി കേസുകളിൻ മേൽ നിയമോപദേശം, നഷ്ടപരിഹാരം/ ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്ക്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക വിവിധ ഭാഷകളിൽ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമസഹായത്തിനായുള്ള സഹായം എന്നിവയ്ക്കു വേി ആവിഷ്ക്കരിച്ചുവരുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായസെൽ.

3. **അപേക്ഷിക്കുന്നതിനുള്ള അർഹത**

- വിദേശത്ത് തൊഴിൽ/വിസിറ്റ് വിസയിൽ പോയിട്ടുള്ളവരായിരിക്കണം.
- വിദേശ രാജ്യങ്ങളിലെ  കോടതികൾ വിധിക്കുന്ന ' ദിയ മണി',കുകെട്ടൽ, സാമ്പത്തിക ബാദ്ധ്യതകൾ, റിക്കവറി തുടങ്ങിയവയ്ക്ക് ഈ സഹായം ലഭ്യമായിരിക്കുകയില്ല.

4. **പദ്ധതിയുടെ നിബന്ധനകൾ**

- തന്റേതല്ലാത്ത കുറ്റങ്ങൾ മൂലം നിയമ പ്രശ്നങ്ങൾ നേരിടേി വരുകയും അതോടൊപ്പം കടുത്ത സാമ്പത്തിക വൈഷമ്യം അനുഭവിക്കുകയും ചെയ്യുന്ന പ്രവാസി മലയാളികളായിരിക്കണം
- ഒരു വർഷമെങ്കിലും വിദേശത്ത് തൊഴിലിനായി കഴിഞ്ഞിട്ടുായിരിക്കണം. ബന്ധപ്പെട്ട രേഖകളുടേയും പകർപ്പുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള അപേ

ക്ഷ ഫാറത്തിൽ നോർക്ക റൂട്ട്സിന് പോസ്റ്റൽ മാർഗ്ഗം മുഖേനയോ ഇ-മെയിൽ വിലാസം മുഖേനയോ അയക്കേതാണ്. കൂടാതെ അറബി ഭാഷ യിലുള്ള രേഖകളുടെ തർജ്ജമകളും സമർപ്പിക്കേതാണ്.

- പദ്ധതിയുടെ ആനുകൂല്യത്തിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി തിരിച്ചറിയുന്നതിനും അപേക്ഷകന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ആവശ്യമെങ്കിൽ എംബസിയോടോ/അംഗീകൃത അസോസിയേഷനുകളോടോ ആവശ്യപ്പെടാവുന്നതായിരിക്കും.

5. **അപേക്ഷ സമർപ്പിക്കേ രീതി.**

നിയമസഹായത്തിനായുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം-695 014 എന്ന മേൽ വിലാസത്തിലോ, ceonorkaroots@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാവുന്നതാണ്.

6. **പദ്ധതിയുടെ പ്രവർത്തനരീതി**

ലഭിക്കുന്ന അപേക്ഷയുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിന് ആവശ്യമെങ്കിൽ എംബസിയോടോ/അംഗീകൃത അസോസിയേഷനുകളോടോ ആവശ്യപ്പെടുന്നതായിരിക്കും. ആയതിനുശേഷം തുടർ നടപടികൾക്കായി ലീഗൽ കൺസൾട്ടന്റുമാർക്ക് കൈമാറുന്നതായിരിക്കും.

*************************************